പറ്റിയാണ്. സെപ്റ്റംബറിൽ നടക്കുന്ന ഡബ്ല്യു.ടി.ഒ. സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി ഏറ്റവും ശക്തമായി മുതലാളിത്ത രാഷ്ട്രങ്ങൾ മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശമെന്നുപറയുന്നത് കാർഷികമേഖലയും തുറന്നു കൊടുക്കണമെന്നാണ്. ഈ ആഗോളവൽക്കരണ നയംകൊണ്ട് മൂന്നാംലോക രാഷ്ട്രങ്ങൾ മുഴുവൻ തകർന്ന് ഇപ്പോൾത്തന്നെ കാർഷിക മേഖല ഓപ്പൺ ചെയ്യാതിരുന്നിട്ടും കാർഷികമേഖലയിൽ തകർച്ചയാണ്. ആ നിലയ്ക്ക് സെപ്റ്റംബറിൽ നടക്കുന്ന ഡബ്ല്യു.ടി.ഒ. സമ്മേളനത്തിൽ കാർഷികമേഖല തുറന്നുകൊടുക്കാൻ തീരുമാനിക്കുക എന്നു പറഞ്ഞാൽ കേരളവും ഭാരതവും തകർന്നുയെന്നാണ്. ആ നിലയ്ക്ക് ഈ കാര്യം കേരളത്തിന്റെ വികാരമാക്കി മാറ്റിക്കൊണ്ട് കാർഷിക മേഖല യാതൊരു കാരണവശാലും തുറന്നുകൊടുക്കാൻ പാടില്ലായെന്ന നയം ശക്തിയായി ഡബ്ല്യു.ടി.ഒ.-യിൽ ഉന്നയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ അതാണ് പറഞ്ഞത് സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള കാര്യങ്ങൾ ഏതൊക്കെ ആണെന്നുള്ളത് കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്താം. ഇത് ഉൾപ്പെടുത്താം.

ഗ്രാമവികസന വകുപ്പിനുകീഴിൽ നടപ്പാക്കിയ കേന്ദ്രപദ്ധതികൾ

2 (*751) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽവരുന്ന ഏതെല്ലാം കേന്ദ്ര പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് എത്ര കോടി രൂപ വീതമാണ് പ്രസ്തുത ഓരോ പദ്ധതിക്കും ലഭിച്ചത് ; എത്ര കോടി രൂപ വീതം ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചു ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിൽ ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രപദ്ധതി പ്രകാരം ഗ്രാമീണജനതയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും തുക ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ ഓരോവർഷവും വിവിധ പദ്ധതികൾക്കുവേണ്ടി എത്രകോടി രൂപ വീതം ചെലവഴിക്കുകയുണ്ടായി ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ,

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ് :

LIBRARY ARCHIVES Kerala Legislative Assembly

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)
4. സമ്പൂർണ്ണ ശുചിത്വയജ്ഞം
5. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.)
6. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യൂ.ഡി.പി.)
7. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ സ്കീം
8. ക്രെഡിറ്റ്-കം-സബ്സീഡി സ്കീം

(ബി) കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിൽ ഓരോ പദ്ധതിക്കും കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക ഓരോ പദ്ധതിക്കുംവേണ്ടി ചെലവഴിച്ച ആകെ തുക എന്നിവ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) കഴിഞ്ഞ രണ്ട് സംസ്ഥാന ബഡ്ജറ്റുകളിൽ 2001-2002 സാമ്പത്തിക വർഷം 38.74 കോടി രൂപയും 2002-2003 സാമ്പത്തിക വർഷം 42.57 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി ചെലവഴിക്കുകയുണ്ടായി ഓരോ വർഷവും ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ് :

1. എസ്.ജി.എസ്.വൈ. 2001-2002 - 3.47 കോടി രൂപ, 2002-2003 - 4.18 കോടി രൂപ
2. ഇന്ദിരാ ആവാസ് യോജന 11.17 കോടി രൂപ, 11.00 കോടി രൂപ
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന :
   (1) 11.49 കോടി രൂപ 1. 11.08 കോടി രൂപ
   (2) 10.86 കോടി രൂപ 2. 12.47 കോടി രൂപ
4. സംപൂർണ്ണ ശുചിത്വയജ്ഞം - 1.57 കോടി രൂപ, 3.84 കോടി രൂപ
5. തരിശുഭൂമി വികസന പദ്ധതി - 15 ലക്ഷം രൂപ
6. ക്രെഡിറ്റ്-കം-സബ്സീഡി സ്കീം - 3 ലക്ഷം രൂപ

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഗ്രാമീണ ജനതയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള വിവിധ പദ്ധതികളെ കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ ഈ പദ്ധതികളുടെ പരിധിയിൽപ്പെടുന്ന വലിയ ഒരു ജനവിഭാഗം ആ പരിധിക്ക് പുറത്തുപോകുന്ന സാഹചര്യം ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. കേന്ദ്ര സർക്കാർ അതിന്റെ മാർഗ്ഗനിർദ്ദേശരേഖ പുതുക്കിയ സാഹചര്യത്തിൽ കുടുംബ വരുമാനം മാനദണ്ഡമായി കാണുന്നതിനുപകരം കുടുംബത്തിന്റെ ചെലവ് മാനദണ്ഡമായി കാണാനാണ് പുതുതായി ശ്രമിക്കുന്നത്. ഇതുകാരണം കേരളത്തിന് ലഭിക്കേണ്ടുന്ന ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ള ജനങ്ങൾക്ക് ലഭിക്കേണ്ട ഒരുപാട് സഹായ പദ്ധതികൾ നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇതേക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ദാരിദ്ര്യരേഖ സെൻസസ് നടന്നുകൊണ്ടിരിക്കുകയാണ്. പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ധാരാളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ലിസ്റ്റിൽനിന്ന് പുറത്താക്കപ്പെട്ടു. മാനദണ്ഡങ്ങളിൽ വരുത്തിയിരിക്കുന്ന മാറ്റം കേന്ദ്ര ഗവൺമെന്റാണ് നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്ര ഗ്രാമവികസന വകുപ്പുമായി ഞങ്ങൾ ബന്ധപ്പെട്ടു. മുഖ്യമന്ത്രി തലത്തിലും ബന്ധപ്പെട്ടു. അപ്പോൾ പ്ളാനിംഗ് കമ്മീഷനാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് എന്നു പറഞ്ഞു. ഡെപ്യൂട്ടി ചെയർമാനെ നേരിട്ടുകണ്ട് സംസാരിച്ചിട്ടുണ്ട്. അതനുസരിച്ച് കുറച്ച് ഇളവുകൾ തന്നിട്ടുണ്ടെങ്കിൽപ്പോലും കഴിഞ്ഞ പ്രാവശ്യത്തെ സെൻസസിന്റെ അടിസ്ഥാനത്തിലുള്ള അത്രയും ബി.പി.എൽ. ഫാമിലീസ് ഇതുപോലെ കാര്യങ്ങൾ പോയാൽ ഉണ്ടാകുകയില്ല. വീണ്ടും ഈ വിഷയം കേന്ദ്ര ഗവൺമെന്റുമായി, പ്ളാനിംഗ് കമ്മീഷനുമായി ടേക്-അപ് ചെയ്തിരിക്കുകയാണ്. നമ്മുടെ എം.പി.മാരെയെല്ലാം വിവരം അറിയിച്ചിട്ടുണ്ട്. പാർലമെന്റിലും ഈ വിഷയം raise ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഗ്രാമ-നഗരവികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഒരുപാട് പദ്ധതികൾ പുതുതായി ആവിഷ്ക്കരിക്കുന്നുണ്ട്. പക്ഷേ ആ ഫണ്ട് അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നതിൽ കേരളം പൊതുവിൽ അവഗണിക്കപ്പെടുന്നു എന്നൊരാക്ഷേപം വളരെ ശക്തമായിരിക്കുന്നു. ഈ കാര്യത്തിൽ ഫലപ്രദമായി ഇടപെട്ട് പദ്ധതികൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? ഈ അഭിപ്രായത്തോട് സർക്കാർ എങ്ങനെയാണ് പ്രതികരിക്കുന്നത് ?

ശ്രീ. സി. എഫ്. തോമസ് : പൊതുവേ കേന്ദ്ര ഗവൺമെന്റിന് നമ്മുടെ സംസ്ഥാനത്തിനോട് ഒരു അവഗണനാ മനോഭാവമുണ്ട്. എപ്പോഴും ഉണ്ട്. ആ നയം തെറ്റാണെന്നു തന്നെയാണ് കേരള ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ട് നിരന്തരമായി കേന്ദ്രവുമായി ബന്ധപ്പെട്ടു. നേരിട്ടും കണ്ടു. കേന്ദ്ര മന്ത്രിയും പ്രധാനമന്ത്രിയും നമ്മുടെ മുഖ്യമന്ത്രിയും ആ കാര്യത്തിൽ പ്രത്യേകം താല്പര്യം എടുത്തുകൊണ്ട് നിരവധി വിഷയങ്ങളിൽ തുടർച്ചയായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് സന്ദേശം അയയ്ക്കുകയല്ല. കൂടുതൽ വിഹിതം നേടിയെടുക്കുവാൻ നേരിട്ടുകണ്ട് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : എട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരുന്നതിന് നമ്മൾ ശ്രമം നടത്തുന്നത്. ഫലപ്രദമായ ഒരു ഇടപെടൽ നടന്നാൽ വലിയ നേട്ടം ഈ രംഗത്ത് നമുക്ക് ഉണ്ടാക്കുവാൻ പറ്റും. നിർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞ രണ്ടു വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽനിന്ന് കിട്ടിയ പണം ചെലവഴിക്കുന്നതിന് ഇവിടെ ട്രഷറി ബാനിന്റെ ഭാഗമായി വലിയ കുറവ് ഉണ്ടായിരിക്കുകയാണ്. എൺപത് കോടി രൂപയിൽ ഏതാണ്ട് അമ്പത് കോടി രൂപ മാത്രമേ ചെലവഴിക്കാൻ

കഴിഞ്ഞുള്ളൂ. മുപ്പതു കോടി രൂപയോളം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിമാസ-പാദ-വാർഷിക റിപ്പോർട്ടുകൾ മോണിറ്ററിംഗ് സെല്ലാണ് തയ്യാറാക്കുന്നത്. ഇതിന്റെ അവലോകനവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ആദ്യത്തെ ചോദ്യം.

ശ്രീ. സി. എഫ്. തോമസ് : സംസ്ഥാനം സാമ്പത്തികമായി വളരെ പ്രതിസന്ധികൾ നേരിടുന്നുണ്ടെങ്കിൽപ്പോലും നമ്മുടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം തരുന്ന കാര്യത്തിൽ കേന്ദ്രത്തിന്റെ തുക നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്നുണ്ട്. കൃത്യമായ സമയത്ത് കിട്ടിയില്ല എങ്കിൽപ്പോലും അത്യാവശ്യമായി കേന്ദ്ര വിഹിതം നഷ്ടപ്പെടാത്തതരത്തിൽ അവർ ഇപ്പോഴും പണം തരുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ : കേന്ദ്രവിഹിതം യഥാർത്ഥത്തിൽ നഷ്ടപ്പെടുന്നു എന്നുള്ളത് ഒരു സത്യമാണ്. ഞാൻ അതിലേയ്ക്കല്ല കടക്കുന്നത്. ഗ്രാമീണ ജനതയെ സഹായിക്കുന്ന വളരെ പ്രധാനപ്പെട്ട പദ്ധതിയാണ് എസ്.ജി.എസ്.വൈ. പഴയ ഐ.ആർ.ഡി.പി., ട്രൈസം, ഡി.ഡബ്ല്യു.സി.ആർ.എ. തുടങ്ങിയവയെ ക്ലബ് ചെയ്തിട്ടുള്ള ഏറ്റവും നല്ല ഒരു സ്ക്കീമാണ്. ചെലവിന്റെ 75 ശതമാനം സെന്ററും 25 ശതമാനം സ്റ്റേറ്റുമാണ് വഹിക്കുന്നത്. ഇത് വളരെ ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു ഏജൻസിയാണ് കുടുംബശ്രീ പദ്ധതി. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലുള്ള ഒരു സ്വയംസഹായ സംഘമുണ്ട്. പ്രാദേശികമായി എസ്.ജി.എസ്.വൈ. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് കുടുംബശ്രീ പദ്ധതികളെ, കുടുംബശ്രീ യൂണിറ്റുകൾ സഹകരിപ്പിക്കുന്നില്ല എന്ന പരാതി പൊതുവിൽ വന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? സ്വയംസഹായ സംഘവും കുടുംബശ്രീയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിന് ശക്തമായിട്ടുള്ള ഇടപെടൽ ആവശ്യമാണ്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് : ഈ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗവൺമെന്റിന്റെ എസ്.ജി.എസ്.വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കുടുംബശ്രീ നമ്മുടെ ഗവൺമെന്റിന്റെ പദ്ധതിയാണ്. എസ്.ജി.എസ്.വൈ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഗ്രൂപ്പിന് പ്രത്യേകമാണ് ഉണ്ടാക്കുന്നത്. അതേസമയം ഒരു കാലത്ത് കുടുംബശ്രീയിൽ എ.പി.എല്ലും ബി.പി.എല്ലും ആകാമായിരുന്നു. ഈ പ്രശ്നം വന്നു. ഇവർ തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടാകാതിരിക്കുവാൻവേണ്ടി ഞങ്ങളിപ്പോൾ പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. കുടുംബശ്രീയിൽത്തന്നെ അയൽക്കൂട്ട സംഘങ്ങളിൽ ഇതിന്റെ സബ് ഗ്രൂപ്പുകൾ ബി.പി.എൽ. ഫാമിലീസിനെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് എസ്.ജി.എസ്.വൈ.-യുടെ സഹായംകൂടി ലഭ്യമാക്കുവാൻ യോജിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ : ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഈ വർഷത്തെ മുഴുവൻ ഗഡുക്കളും വാങ്ങി ചെലവഴിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്താണ് ചെലവഴിക്കാൻ കഴിയാത്തത് ? ഏതെല്ലാം ജില്ലകളാണ് പൂർണ്ണമായി ചെലവഴിച്ചതെന്നു പറയാമോ ?

ശ്രീ. സി. എഫ്. തോമസ് : ഏറ്റക്കുറച്ചിലുണ്ട്. നമ്മൾ കേന്ദ്രത്തിന്റെ next instalment നഷ്ടപ്പെടാത്ത രീതിയിൽ ചെലവഴിക്കുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ : ജോലിക്ക് കൂലി ഭക്ഷണം എന്നുള്ള നിലയിൽ കിട്ടുന്ന അരി നിലവാരം വളരെ കുറഞ്ഞതാണെന്നും അതല്ല നല്ല അരി അവിടത്തെ മാർക്കറ്റിൽ വിറ്റിട്ട് മോശമായ അരിയാണ് ഈ പദ്ധതിക്കുവേണ്ടി കൊടുക്കുന്നതെന്നും ആരോപണമുണ്ട്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : ഇങ്ങനെ ചില പരാതികൾ വന്നിരുന്നു. അപ്പോഴപ്പോൾ കേന്ദ്ര ഗവൺമെന്റ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുമായി ഈ വിഷയം ടേക്ക്-അപ് ചെയ്തു. അതുകൊണ്ട് അരി മോശമായ സ്ഥലങ്ങളിൽ നല്ല അരി എടുക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടായി. ഇപ്പോൾ ഈ പദ്ധതിയിൽ പലയിടത്തും നല്ല അരിയാണ് കൊടുക്കുന്നത്. അതുകൊണ്ട് ഈ പദ്ധതിയിൽ വർക്കെടുക്കാൻ ആളുകൾക്ക് താല്പര്യമാണ്.

ശ്രീ. ഡി. സുഗതൻ : പ്രധാനമന്ത്രിയുടെ സ്വർണ്ണ യോജന പദ്ധതി പ്രകാരം ആവാസകേന്ദ്രങ്ങൾ ബന്ധിപ്പിക്കുന്ന റോഡിന്റെ പദ്ധതി വളരെ നല്ല ഒരു പദ്ധതിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ബ്ലോക്കിൽ അത് നടപ്പിൽ വരികയും ചെയ്തു. പക്ഷേ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കുവാൻ കഴിയുകയില്ല, തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ മാത്രമേ കഴിയുന്നുള്ളൂ. അതിൽ ഒരുപാട് വിവേചനം ഉണ്ടായതായി പരാതിയുണ്ട്. അതുകൊണ്ട് എല്ലാ ബ്ലോക്കുകളിലും ഈ സ്വർണ്ണ യോജനാ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : അതിന് ഒരു വിവേചനവുമില്ല. ഇവിടെ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. ഞങ്ങളാരും ഇടപെടുന്നില്ല. ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. അതാതു പ്രദേശത്തെ ജില്ലാ പഞ്ചായത്തുകളും എം.പി.മാരും എം.എൽ.എ.-മാരും കൂടിയാണ് തീരുമാനിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ബ്ലോക്കുകളിലും ഇത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ആദിവാസികൾക്കുവേണ്ടിയുള്ള ജോലിക്ക് കൂലി ഭക്ഷണം പരിപാടിയുടെ കീഴിൽ അനുവദിച്ച അരി ഗോഡൗണുകളിൽ നിന്നുതന്നെ സ്വകാര്യ മില്ലുകൾക്ക് മറിച്ചു വില്ക്കുന്നതും അത് സംബന്ധിച്ച് ഒരു ചോദ്യത്തിന് മറുപടിയായി 23-7-2003-ൽ ബഹുമാനപ്പെട്ട മിനിസ്റ്റർ കുട്ടപ്പൻ, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മറുപടി തന്നിട്ടുള്ളതുമാണ്. ഈ മറുപടി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങയുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ ? ഇതിനെ സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : അദ്ദേഹം നേരത്തേ മറുപടിയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഗ്രാമവികസനവകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വളരെ പ്രധാനപ്പെട്ടതാണ് നേരത്തേ ഇവിടെ പറഞ്ഞ Prime Minister's Grameena Sadak Yojana. നമ്മുടെ സംസ്ഥാനത്ത് എത്ര റോഡുകളാണ് ഈ സഡക് യോജനയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത് ? പുതിയ റോഡുകൾ എടുക്കുവാൻ വല്ല ഉദ്ദേശവുമുണ്ടോ ? ഇതിനു സ്വീകരിക്കുന്ന പൊതു മാനദണ്ഡം എന്താണ് ? റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പൊതു മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എഫ്. തോമസ് : നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 270 റോഡുകൾ ഈ സ്ക്കീം പ്രകാരം എടുത്തിട്ടുണ്ട്. പുതിയ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്നത് ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡുകളിൽ നിന്നും അഞ്ഞൂറു മീറ്ററിലധികം ദൂരത്തിൽ ഒറ്റപ്പെട്ട—എന്നാൽ അവിടെ ആയിരത്തിലധികം ജനസംഖ്യയുണ്ടായിരിക്കണം, അത്തരം ആവാസ കേന്ദ്രങ്ങളെ പ്രധാനപ്പെട്ട റോഡുമായി ബന്ധിപ്പിക്കുക എന്നതാണ്. അതുപോലെതന്നെ കഴിയുന്നിടത്തോളം ആവാസ കേന്ദ്രങ്ങൾക്ക് അല്ലെങ്കിൽ കൂടുതൽ ആളുകൾക്ക് പ്രയോജനമുണ്ടാക്കുന്ന തരത്തിൽ വേണം റോഡുകളുടെ സെലക്ഷൻ നടത്തേണ്ടത്. ടാർ ചെയ്ത റോഡുകളുടെ റിപ്പെയറും പുതുക്കിപ്പണിയലും അനുവദിക്കുകയില്ല.

ശ്രീ. മഞ്ഞളാംകുഴി അലി : ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ കേന്ദ്ര പദ്ധതികളിൽ ഒന്നാണ് Prime Minister's Grameena Sadak Yojana. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ആദ്യമായി നാല് ബ്ലോക്കുകൾക്കാണ് അത് കിട്ടിയത്. ഒന്ന് എന്റെ മണ്ഡലമായ മങ്കടയ്ക്കൽ. അതിനുശേഷം ലിസ്റ്റ് ആക്കിയതല്ലാതെ ഇതുവരെ യാതൊരു അപ്രൂവലും കിട്ടുന്നില്ല. ആദ്യം കിട്ടിയ ഈ ബ്ലോക്കുകൾക്ക് ഇനി ഫണ്ട് കിട്ടാൻ അപ്രൂവലിന് എത്ര കാലതാമസം വരും ? അതിനുശേഷം ലിസ്റ്റ് ആയില്ല. അപ്രൂവലിന് വല്ലതും കിട്ടിയിട്ടുണ്ടോയെന്ന് അറിയാമോ ?

ശ്രീ. സി. എഫ്. തോമസ് : അപ്രൂവലിന്റെയൊന്നും ഒരു പ്രശ്നവുമില്ല. ആദ്യം കിട്ടിയ ബ്ലോക്കുകളിൽ പണി തീരുന്ന മുറയ്ക്ക് പണം കൊടുക്കുന്നുണ്ട്. അതിൽ തടസ്സമൊന്നുമില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഈ പദ്ധതികളിലൊന്നും സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എം.പിയും എം.എൽ.എയുമൊക്കെ അറിഞ്ഞിട്ടുള്ള പദ്ധതികളാണ് ആവിഷ്കൃതങ്ങളാകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കി. പി.എം.ജി.എസ്.വൈ. തുടങ്ങിയ പദ്ധതികൾ തുടങ്ങിയ വർഷം ഈ പറഞ്ഞതുപോലെ എം.എൽ.എ.-മാരുടെകൂടി അറിവോടും സമ്മതത്തോടും കൂടിയാണ് പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നതെന്ന് എനിക്ക് അറിയാം. പക്ഷേ ഇപ്പോൾ നിയമസഭാംഗങ്ങൾക്ക് കാര്യമായ പങ്കാളിത്തം ഇല്ലാതെയാണ് പദ്ധതികളുടെ പോക്ക് എന്നുള്ളത് പ്രത്യേക നിർദ്ദേശങ്ങളുടെ ഫലമായിട്ടാണോ ? ആണെങ്കിൽ

അത് തിരുത്താൻവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുമോ ? അല്ലെങ്കിൽ നിർബന്ധപൂർവ്വം നിയമസഭാംഗങ്ങൾകൂടി ഈവക കാര്യങ്ങൾ അറിഞ്ഞുവേണം അംഗീകാരത്തിനുവേണ്ടി സമർപ്പിക്കേണ്ടതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇതെല്ലാം പ്രധാനപ്പെട്ടതാണ്. ഇതിനെല്ലാം നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. ശക്തൻ : പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം ഇടുന്ന റോഡുകൾക്ക് എട്ട് മീറ്റർ വീതി വേണമെന്നാണ് ഇപ്പോഴുള്ള നിബന്ധന. നോർത്ത് ഇൻഡ്യയിൽ വീതി ഇഷ്ടംപോലെ കിട്ടുന്നതുകൊണ്ട് അവിടെ എട്ട് മീറ്റർ വീതി കിട്ടും. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലായതുകൊണ്ട് എട്ട് മീറ്റർ വീതി കിട്ടാൻ വളരെ പ്രയാസമാണ്. നമ്മുടെ സംസ്ഥാനത്ത് അതുകൊണ്ട് എട്ട് മീറ്റർ വീതി എന്നത് മാറ്റി ആറ് മീറ്റർ വീതി ആക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പ്രത്യേക കേസുകളിൽ ആവശ്യമായുള്ള സന്ദർഭങ്ങളിൽ ആറു മീറ്ററായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി : കേന്ദ്രാവിഷ്കൃത പദ്ധതിയാണ് food for work എന്ന പദ്ധതി. അതിൽ പല പഞ്ചായത്തുകളും 25 ശതമാനം പണം നല്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഒട്ടേറെ പ്രദേശങ്ങളിൽ റോഡിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്ന എം.എൽ.എ.മാരുടെ ഫണ്ടിൽനിന്നും ഈ food for work-നു വേണ്ടി 25 ശതമാനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? അങ്ങനെയാണെങ്കിൽ ഒരുവിധം പ്രശ്നങ്ങൾ തീരും എന്നുള്ളത് സജീവമായി പരിഗണിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : അത് പുതിയ നിർദ്ദേശമാണ്. അതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ജില്ലാതലത്തിൽ എം.പി. ചെയർമാനായ Vigilance and Monitoring Committee ഇന്ന് നിലവിലുണ്ട്. എന്നാൽ ആ കമ്മിറ്റി ഇന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ടുതന്നെ ഇതിന്റെ implementation-നിൽ ഒട്ടേറെ അപാകതകൾ ഉണ്ടാകുന്നുണ്ട്. Vigilance and Monitoring Committee-കളുടെ പ്രവർത്തനം ശക്തമാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഉടനെതന്നെ അതിനാവശ്യമായ നടപടി സ്വീകരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[30-7-2003-ലെ 2 (*751)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

രൂപ കോടിയിൽ

ക്രമ നം.	പദ്ധതി	2001-02 കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക	2001-02 ആകെ ചെലവഴിച്ച തുക (മുൻ വർഷത്തെ നീക്കിയിരിപ്പ് + കേന്ദ്ര വിഹിതം + സംസ്ഥാന വിഹിതം)	2002-03 കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക	2002-03 ആകെ ചെലവഴിച്ച തുക (മുൻ വർഷത്തെ നീക്കിയിരിപ്പ് + കേന്ദ്ര വിഹിതം + സംസ്ഥാന വിഹിതം)	2002-03 കഴിഞ്ഞ രണ്ട് വർഷത്തിലായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക	2002-03 കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ആകെ ചെലവഴിച്ച തുക
1	സ്വർണ്ണ ജയന്തി ഗ്രാമസ്വ റോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)	10.40	19.99	17.61	20.78	28.01	40.77
2	ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)	34.68	46.18	31.93	45.17	66.61	91.35
3	സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)	68.41	98.92	77.40	77.81	145.81	176.73

LIBRARY ARCHIVES Kerala Legislative Assembly

4	സമ്പൂർണ്ണ ശുചിത്വ യജ്ഞം	8.75	4.10	2.60	12.03	11.35	16.13
5	ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ സ്കീം	3.77	4.78	4.54	5.92	8.31	10.70
6	ക്രഡിറ്റ്-കം-സബ്സിഡി സ്കീം	0.09	0.61	...	0.87	0.09	1.48
7	തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി.)	0.44	1.02	0.96	1.97	1.40	2.99
8	പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.)	27.65	10.13	11.43	22.36	39.08	32.49
	ആകെ	154.19	185.73	146.47	186.91	300.66	372.64

അനുബന്ധം